File No.SJD/4655/2021-C2

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :29/10/2021
Email -
swdkerala@gmail.com
Phone - 0471 - 2306040

സാമൂഹ്യനീതി ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും,

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - മലയാളം കമ്പ്യൂട്ടിംഗ് പരിശീലനം പരിപാടി - നാമനിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന :- ഐ.എം.ജിയിൽ നിന്നുള്ള 26/10/2021 - ലെ 4152/പി3/2021/ഐ.എം.ജി നം. കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സാമൂഹ്യനീതി വകുപ്പിലെ ക്ലാസ് 3 വിഭാഗത്തിലുള്ള ജീവനക്കാർക്ക് മലയാളം കംപ്യൂട്ടിംഗിൽ പരിശീലനം നൽകുന്നതിനായി പരിശീലനം ആവശ്യമുള്ള ജീവനക്കാരുടെ പേരുവിവരം ആവശ്യപ്പെട്ടുകൊണ്ട് IMG സെക്രട്ടറി സൂചന പ്രകാരം കത്ത് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ താങ്കളുടെ കാര്യാലയത്തിൽ നിന്നും മലയാളം കംപ്യൂട്ടിംഗിൽ പരിശീലനം ആവശ്യമുള്ള ക്ലാസ് 3 വിഭാഗം ജീവനക്കാരുടെ പേര് വിവരങ്ങൾ താഴെ ചേർത്തിട്ടുള്ള മാതൃകയിൽ 02/11/2021 - ന് മുമ്പ് sjdprobation@gmail.com എന്ന ഇ മെയിൽ ID യിൽ ലഭ്യമാക്കുവാൻ താൽപര്യപ്പെടുന്നു. ടൈപ്പിസ്റ്റ് വിഭാഗത്തിലുള്ള ജീവനക്കാർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്. ഒരു ബാച്ചിൽ 20 പേരെ മാത്രമേ പങ്കെടുപ്പിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ആദ്യം ലഭിക്കുന്ന നോമിനേഷനുകൾക്ക് മുൻഗണന നൽകുന്നതാണ്.

| ക്രമ നം | പേര് | തസ്തിക | PEN | ഫോൺ നം(Whatsapp No) | ഇമെയിൽ ID |
|---|---|---|---|---|---|
| | | | | | |
| | | | | | |

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ നിന്നുള്ളവർക്ക് തിരുവനന്തപുരം ഐ.എം.ജിയിൽ നിന്നും, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ നിന്നുള്ളവർക്ക് എറണാകുളം കാക്കനാട്ടുള്ള ഐ.എം.ജിയിൽ നിന്നും, കോഴിക്കോട്, മലപ്പുറം, പാലക്കാട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നിന്നുള്ളവർക്ക് കോഴിക്കോട് ഐ.എം.ജിയിൽ നിന്നുമായിരുക്കും പരിശീലനം ലഭ്യമാകുന്നത്. ട്രെയിനിംഗ് തീയ്യതി സംബന്ധിച്ച വിവരം പിന്നീട് അറിയിക്കുന്നതാണ്.

വിശ്വസ്തതയോടെ,

SUBASH KUMAR

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**